നിന്നും നഷ്ടപരിഹാരം ലഭിക്കാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കണ്ണൂർ ജില്ലാകളക്ടർക്ക് ഇതിനായി 5 കോടി രൂപ അനുവദിച്ചു.

കോഴിക്കോട് ജില്ലയിൽ ടാങ്കർ ലോറി അപകടത്തിൽ മരണപ്പെട്ട ആളുടെ കുടുംബത്തിന് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കൽ

25 (*325) ശ്രീ. കെ. ശിവദാസൻ നായർ :
,, സണ്ണി ജോസഫ് :
,, വർക്കല കഹാർ :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ,

(എ) 590 കിലോമീറ്റർ നീളമുള്ള പടിഞ്ഞാറൻ തീരദേശ ജലപാതയുടെ 422 കി.മീറ്റർ ഭാഗം സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നു. 168 കി.മീറ്റർ ഭാഗം (കൊല്ലം-കോട്ടപ്പുറം) ദേശീയ ജലപാത ആകുന്നു. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി. മീറ്റർ പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകെയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർനിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവു വന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായി 74.18 കി.മീറ്റർ നീളമുള്ള കോവളം-കൊല്ലം ജലപാതയിൽ ഏകദേശം 25 കി.മീറ്ററും 347 കി.മീറ്റർ നീളമുള്ള കോട്ടപ്പുറം-നീലേശ്വരം ജലപാതയിൽ ഏകദേശം 195 കി.മീറ്റർ ദൂരവും ഗതാഗതയോഗ്യമാണ്.

(ബി) മറ്റു മാർഗ്ഗങ്ങളിൽ കൂടിയുള്ള ഗതാഗതം മൂലമുള്ള (ഉദാ: റെയിൽ, റോഡ് മുതലായ) മലിനീകരണം ഒഴിവാക്കുക, പരിസ്ഥിതിക്ക് അനുയോജ്യമായ ഗതാഗതം സാദ്ധ്യമാക്കുക, നിരക്ക് കുറയ്ക്കുക, ഇന്ധന ക്ഷമത കാര്യക്ഷമമാക്കുക, ടൂറിസം മേഖലയുടെ വികസനം ഉറപ്പാക്കുക, അപകടകരമായ വസ്തുക്കളുടെ സുരക്ഷിതമായ നീക്കം എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി. മീറ്റർ പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചു കൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകെയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർനിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവു വന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

കെ.പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് ഏകജാലക സംവിധാനം

26 (*326) ശ്രീ. പി. എ.മാധവൻ :

,, വി. ഡി. സതീശൻ :

,, അൻവർ സാദത്ത് :

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി വഴിയുള്ള നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരങ്ങൾ ഏകജാലക സംവിധാനം വഴി ലഭ്യമാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് വേണ്ടി ഏകജാലകസംവിധാനം പ്രവർത്തിപ്പിക്കുന്നില്ല. എന്നാൽ www.keralapsc.gov.in എന്ന മേൽവിലാസത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് നിലവിലുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സമഗ്ര വിവരങ്ങൾ ഇതിൽ ലഭ്യമാണ് നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമുള്ള വിവര്ങ്ങൾ ഈ വെബ്സൈറ്റിൽ നിന്നും ലഭ്യമാകും. ടി വിവരങ്ങൾ കാലികമായും പുതുക്കലിനു വിധേയമാക്കുന്നുണ്ട്.

(ബി & സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതു ഉദ്യോഗാർത്ഥികൾക്കും പൊതു സമൂഹത്തിനും കാലവിളംബം കൂടാതെ ലഭ്യമാക്കുക

LIBRARY ARCHIVES Kerala Legislative Assembly